കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അന്തിക്കാട് ഗ്രാമപഞ്ചായത്ത്
## 2016-17
# ഓഡിറ്റ് റിപ്പോർട്ട്

## ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

**e-mail:dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി.2)1574/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ-680 020
ഫോൺ: 0487-2331249
Email: dotsr.ksad@kerala.gov.in

തീയതി: 14.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
അന്തിക്കാട് ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : അന്തിക്കാട് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ.(പി.2)1574/2017 തിയ്യതി: 14.11.2017

**തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ**

**2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01-04-2016മുതൽ 05-10-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.04.16 മുതൽ 31.03.17 വരെയുള്ള കാലയളവിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06-10-17 മുതൽ 12-10-17 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ലത.എം.എൻ<br>ഓഡിറ്റ് ഓഫീസർ.(ഹ.ഗ്രേ) |
| | ശ്രീമതി.ചൈതന്യ പുരുഷോത്തമൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| | ശ്രീ.സുനിൽ.പി.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ജയൻ.വി.എസ്, ഓഡിറ്റർ |

## ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കിഷോർകുമാർ.കെ.എം.<br>01-04-2016 മുതൽ 31.03.17 വരെ | |
| സെക്രട്ടറി | ശ്രീ. കെ.വേണുഗോപാലൻ. | 01-04-2016 മുതൽ<br>07-07--2016 വരെ |
| | ശ്രീമതി.ഷീല.വി.ആർ.<br>(അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി-ഇൻ ചാർജ്ജ്) | 08-07-2016 മുതൽ<br>25-09-2016 വരെ |
| | ശ്രീ.പി.ജി.വസന്തകുമാർ | 26-09-2016മുതൽ<br>31-03-2017 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീമതി.ഗ്രേസി.എ.ടി. | 01-04-2016 മുതൽ<br>31-03-2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ധന്യ.എം.എസ്. | 01-04-2016 മുതൽ<br>31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.ബീന മൊയ്തീൻ. | 01-04-2016 മുതൽ<br>31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ-ആയൂർവ്വേദം | ഡോ.ജ്യോതി.എം.എം. | 01-04-2016 മുതൽ<br>30-11-2016 വരെ |
| | ഡോ.ബീന.കെ.എസ് | 01-12-2016 മുതൽ<br>04-02-2017 വരെ |
| | ഡോ.മുരുകൻ.വി.പി. | 05-02-2017 മുതൽ<br>31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.ദീപ.എൽ.ഡി.. | 01-04-2016 മുതൽ<br>02-02-2017 വരെ |
| | ഡോ.പ്രവീൺ.ബി.വിശ്വം | 03-02-2017മുതൽ<br>31-03-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.സജേഷ്.എം.ജി. | 01-04-2016 മുതൽ<br>09-09-2016 വരെ |
| | ഡോ.രാജീവ്.കെ.ആർ | 11-09-2016മുതൽ<br>31-03-2017 വരെ |
| വി.ഇ.ഒ. അന്തിക്കാട് സർക്കിൾ | ശ്രീ.അൻസു അലക്സ് | 01-04-2016 മുതൽ<br>31-03-2017 വരെ |
| എൽ.വി.ഇ.ഒ. പടിയം സർക്കിൾ | ശ്രീമതി.സിമി.എ.എം. | 01-04-2016 മുതൽ<br>31-03-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഷീജ.പി.ജെ. | 01-04-2016 മുതൽ<br>31-03-2017 വരെ |
| ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്. പുത്തൻപീടിക. | ശ്രീ.സി.ജെ.ഔസേഫ്. | 01-04-2016 മുതൽ<br>31-03-2017 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ഷീല.വി.ആർ | 01-04-2016 മുതൽ 31-03-2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.പ്രബീന.ടി.എസ്. | 01-04-2016 മുതൽ 20-06-2016വരെ |
| | ശ്രീമതി. മഞ്ജു.ബി. | 21-06-2016 മുതൽ 31-03-2017 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | **ഭാഗം 2** | |
| 12 | ഡി & ഓ ലൈസൻസ് സംബന്ധിച്ച അപാകതകൾ | 2-1 |
| 13 | തൊഴിൽനികുതി സംബന്ധിച്ച അപാകതകൾ | 2-2 |
| 14 | കെട്ടിട നിർമ്മാണ അനുമതി സംബന്ധിച്ച അപാകതകൾ | 2-3 |
| 15 | വസ്തു നികുതി സംബന്ധിച്ച അപാകത | 2-4 |
| 16 | പാരാമെഡിക്കൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-5 |
| 17 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 2-6 |
| | **ഭാഗം 3** | |
| 18 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.256561 രൂപ തടസ്സപ്പെടുത്തുന്നു | 3-1 |
| 19 | അസി.സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 860000 രൂപ തടസ്സപ്പെടുത്തുന്നു | 3-2 |
| 20 | കുടിവെള്ള ടാപ്പുകളുടെ സംയുക്തപരിശോധന നടത്തേണ്ടതാണ്. | 3-3 |
| 21 | ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ 10%ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയിരിക്കുന്നു. | 3-4 |
| 22 | ബിറ്റുമിനു വേണ്ടി അധികം അടവാക്കിയ തുക തിരികെ ലഭ്യമാക്കേണ്ടതാണ് | 3-5 |
| 23 | മരാമത്ത് പ്രവൃത്തികളുടെ അവലോകനം | 3-6 |
| 24 | ഹെഡ് മാസ്റ്റർ ജി.എൽ.പി.എസ്. നിർവ്വഹണം നടത്തിയ പ്രോജക്ട് - വിജ്ഞാനോത്സവം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ ചെലവ് | 3-7 |
| 25 | വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ വികസന ഫണ്ട് എസ്.സി.പി പ്രോജക്ടു- ഗുണഭോക്താവിന്റെ ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 3-8 |
| 26 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി.നിർവ്വഹണം നടത്തിയ പ്രോജക്ട്-പകർച്ച വ്യാധി നിയന്ത്രണം -പരിശോധനനടത്തിയ സ്ഥപനങ്ങളുടെ പേരുവിവരം രേഖപ്പെടുത്തിയിട്ടില്ല | 3-9 |

| | | |
|---|---|---|
| 27 | മരുന്നിനുള്ള തുക അടവാക്കിയിട്ട് ആറു മാസമായിട്ടും മരുന്ന് ലഭ്യമായിട്ടില്ല | 3-10 |
| 28 | മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ മരുന്നു വാങ്ങൽ പ്രോജക്ടിലെ അപാകതകൾ | 3-11 |
| 29 | നെൽകർഷകർക്കുള്ള ഉത്പാദന ബോണസ് വിതരണം - ധനസഹായവിതരണം പൂർത്തിയാക്കിയിട്ടില്ല | 3-12 |
| 30 | ആശ്രയ പദ്ധതി അവലോകനം | 3-13 |
| 31 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-14 |
| ഭാഗം 4 | | |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 35 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 40 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികളുടെ വിവരം | 4-9 |
| 41 | അനുബന്ധം-ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# ഭാഗം -1

# പൊതു അവലോകനം

# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 03-03-2016 തീയതിയിലെ 01 തീരുമാനപ്രകാരം അംഗീകരിച്ചു. വരവ് 100778409 രൂപയും ചെലവ് 97979640 രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2017 | 25-07-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-17 | 11-10-2017 |

**വാർഷികകണക്കിലെ അപാകതൾ**

**1)വസ്തുനികുതി 31-03-2017ലെ നീക്കിയിരിപ്പ് വിവിധ കണക്കുകൾ പൊരുത്തപ്പെടുന്നല്ല**

| വസ്തുനികുതി കുടിശിക (ലൈബ്രറിസെസ് ഉൾപ്പെടെ) | |
|---|---|
| 2015-16ലെ വാർഷിക കണക്കിന്റെ അടിസ്ഥാനത്തിൽ (B15സ്റ്റേറ്റ്മെന്റ്) | 7,63,944 |
| പരിശോധനയ്ക്ക് ഹാജരാക്കിയ DCB പ്രകാരം | 8,85,573 |

| | |
|---|---|
| 2016-17ലെ വാർഷിക കണക്കിന്റെ അടിസ്ഥാനത്തിൽ (B15സ്റ്റേറ്റ്മെന്റ്) | 8,47,318 |
| വസ്തുനികുതി തൻവർഷത്തേത് (ലൈബ്രറിസെസ് ഉൾപ്പെടെ) | |
| 2016-17ലെ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റിന്റെ അടിസ്ഥാനത്തിൽ | 8,18,197 |
| പരിശോധനയ്ക്ക് ഹാജരാക്കിയ DCB പ്രകാരം | 10,09,347 |
| 2016-17ലെ വാർഷിക കണക്കിന്റെ അടിസ്ഥാനത്തിൽ (B15സ്റ്റേറ്റ്മെന്റ്) | 9,63,478 |

**2) വാർഷിക കണക്കിൽ താഴെ പറയുന്ന ശീർഷകങ്ങളിൽ, 2015-16ലെ വാർഷിക കണക്കിലെ നീക്കിയിരിപ്പും, 2016-17 ലെ വാർഷിക കണക്കിലെ മുൻബാക്കിയും വ്യത്യാസപ്പെട്ടിരിയ്ക്കുന്നു.**

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | 2015-16ലെ വാർഷിക കണക്കിലെ നീക്കിയിരിപ്പ് | 2016-17 ലെ വാർഷിക കണക്കിലെ മുൻബാക്കി |
|---|---|---|---|---|
| 1 | 310900101 | Excess Income over Expenditure | 48,50,092 | 48,46,191 |
| 2 | 350401301 | Advance collection of Revenue-License Fee for Dangerous and Offence Trade | 1503 | 13,655 |
| 3 | 350110104 | Employees Liabilities – Pension Contirbution Payable | 50,549 | 42,298 |

3) 2016-17 വർഷത്തിൽ താഴെ പറയുന്ന തുകകൾ KSEB യിൽ അടവാക്കിയിട്ടുള്ളതും, ആയതിന്റെ വിനിയോഗസാക്ഷ്യപത്രം 31-03-2017നു ശേഷം മാത്രം ലഭ്യമായിട്ടുള്ളതുമാണ് എന്നാൽ ഈ തുകകൾ വാർഷിക കണക്കിൽ, ബാലൻസ് ഷീറ്റിൽ B-18 ഷെഡ്യൂളിൽ മുൻകൂറായി രേഖപ്പെടുത്തിയിട്ടില്ലാത്തതാണ് ആയതിന് വിശദീകരണം അറിയിക്കേണ്ടതാണ്.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | വിനിയോഗസാക്ഷ്യപത്രം ലഭ്യമായതിന്റെ വിശദാംശം |
|---|---|---|---|---|
| കെ.എസ്.ഇ.ബി. കണ്ടശ്ശാംകടവ് | കൊച്ചിപ്പാടം സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | ട്രഷറി ബിൽ നമ്പർ: 39/16-17 തിയ്യതി: 08-03-17 | 160292 | വിനിയോഗസാക്ഷ്യപത്രം നമ്പർ:DB/KKD/PPS/35 തിയ്യതി:25-09-2017 |

| | | | | |
|---|---|---|---|---|
| കെ.എസ്.ഇ.ബി. പെരിങ്ങോട്ടുകര | മുറ്റിച്ചൂർ അപ്രോച്ച് ലൈൻ എക്സ്റ്റെൻഷൻ | ട്രഷറി ബിൽ നമ്പർ: 39/16-17 തിയ്യതി: 08-03-17 | 41399 | വിനിയോഗസാക്ഷ്യപത്രം നമ്പർ:DB/2017-18AKD GP, തിയ്യതി:25-09-2017 |

4)വാർഷിക കണക്കിൽ, ബാലൻസ് ഷീറ്റിൽ B-18 ഷെഡ്യൂളിൽ 460100103 Temporary Advance for Official Purposes എന്ന ശീർഷകത്തിൽ₹2,000/-, 460600101 Electricity Depositsഎന്ന ശീർഷകത്തിൽ ₹1,800/-, 460800199 Other Current Assets എന്ന ശീർഷകത്തിൽ₹7,733/- എന്നീ തുകകൾ മുൻകൂറുകളായി രേഖപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത കണക്കുകൾ ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5)ആസ്തി-ബാധ്യതാ കണക്കുകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം:16A തിയ്യതി:11-10-2017)
ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളിലെ ഇൻകം & എക്സ്പെന്റിച്ചർ പത്രിക, രസീറ്റ് & പെയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 60,92,251 |
| വരവ് | 3,63,77,009 |
| ആകെ | 4,24,69,260 |
| ചെലവ് | 3,48,38,584 |
| നീക്കിയിരിപ്പ് | 76,30,676 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 85,42,306 | 6110697 | 2431609 | 71.53 |
| വികസനഫണ്ട് എസ്.സി.പി. | 44,36,349 | 4295248 | 141101 | 96.82 |
| സംരക്ഷണഗ്രാന്റ് റോഡ് | 41,95,521 | 1624798 | 2570723 | 38.73 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 25,54,755 | 1084036 | 1470719 | 42.43 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 47,90,938 | 2235587 | 2555351 | 46.66 |
| ലോകബാങ്ക് സഹായം | 28,06166 | 21,02,527 | 703639 | 74.92 |
| എം.എൻ.ആർ.ഇ.ജി.എസ്. | 1,63,52,955 | 1,63,52,955 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 111 | 4,24,17,548 | 64 | 2,00,57,856 | 6 | 41 | 57.65 |

| നിർവ്വഹണ | പദ്ധതികളുടെ | നടപ്പാക്കിയത് | ആകെ | ചെലവഴിച്ച | ചെലവ് |
|---|---|---|---|---|---|

| ഉദ്യോഗസ്ഥൻ | എണ്ണം | | അടങ്കൽ തുക | തുക | % |
|---|---|---|---|---|---|
| സെക്രട്ടറി | 20 | 14 | 4082829 | 1873702 | 45.89 |
| അസി. എഞ്ചിനീയർ | 57 | 39 | 25419360 | 7219378 | 28.4 |
| വി.ഇ.ഒ. | 1 | 1 | 415800 | 415800 | 100 |
| വി.ഇ.ഒ. | 2 | 2 | 2191000 | 1590500 | 72.59 |
| കൃഷി ഓഫീസർ | 4 | 3 | 1108542 | 557730 | 50.31 |
| മെഡിക്കൽ ഓഫീസർ PHC | 4 | 4 | 805000 | 605000 | 75.15 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 3 | 3 | 602368 | 472368 | 78.42 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 50000 | 50000 | 100 |
| വെറ്ററിനറി സർജൻ | 4 | 4 | 1680000 | 1620000 | 96.42 |
| ഹെഡ്മാസ്റ്റർ എൽ.പി.സ്ക്കൂൾ | 5 | 5 | 1135349 | 1100531 | 96.93 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 2517300 | 2284109 | 90.74 |
| അസി.സെക്രട്ടറി | 4 | 4 | 2160000 | 2028229 | 93.9 |
| ഡയറി ഫാം ഇൻസ്ട്രക്ട്ർ | 2 | 2 | 250000 | 240509 | 96.2 |
| **ആകെ** | | | **42417548** | **20057856** | **47.29** |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 45.23 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 29,92,339 | 38,78,803 | 886464 | 29.62 |
| നികുതിയേതര വരവുകൾ | 3,24,728 | 9,38,643 | 613915 | 189.06 |
| മറ്റുവരവുകൾ | 0 | 0 | 0 | 0 |
| ആകെ | 33,17,067 | 48,17,446 | 1500379 | 45.23 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,59,000 | 106 |
| കർഷകതൊഴിലാളി പെൻഷൻ | 37,05,220 | 415 |
| വിധവാപെൻഷൻ | 1,08,22,790 | 993 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 1,61,41,355 | 193 |
| വികലാംഗപെൻഷൻ | 17,19,445 | 86 |
| അവിവാഹിത സ്ത്രീ പെൻഷൻ | 9,09,230 | 86 |
| വിവാഹ ധനസഹായം | 3,00,000 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-10-2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12,818രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളെല്ലാം തന്നെ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. തപാലുകൾ ഫ്രണ്ട് ഓഫീസ് മുഖേന സ്വീകരിക്കുകയും സമയബന്ധിതമായി തീർപ്പാക്കുകയും ചെയ്യുന്നുണ്ട്. ആഭ്യന്തരനിയന്ത്രണം തൃപ്തികരമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08-09-2017 | ജൂലൈ-2017 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25-01-2013 | 2007-08 മുതൽ 2011-12 വരെ | 03-03-2013 |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഓ ലൈസൻസ് സംബന്ധിച്ച അപാകതകൾ

ഡി & ഓ ലൈസൻസിനുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ കാണുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) 1996ലെ കേരള പഞ്ചായത്ത് രാജ് ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങളിലെ ചട്ടം 12(3) പ്രകാരം 5എച്ച്.പിയ്ക്ക് മുകളിൽ വൈദ്യുത ഉപകരണങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി സാക്ഷ്യപത്രം വാങ്ങി അപക്ഷയോടൊപ്പം വയ്ക്കണമെന്ന ചട്ടം പാലിക്കപ്പെട്ടിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി സാക്ഷ്യപത്രം ഇല്ലാതെയാണ് ഡി&ഒ ലൈസൻസുകൾ അനുവദിച്ചിട്ടുള്ളത്. താഴെ പറയുന്ന സ്ഥാപനങ്ങളുടെ ഡി & ഓ ലൈസൻസിനുള്ള അപേക്ഷയോടൊപ്പം മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനം | റൂം നം. |
|---|---|---|---|
| 1 | 9 | ഷാജു.വി.ആർ, സർവ്വീസ് സ്റ്റേഷൻ, 8HP | IV/401 |
| 2 | 20 | ദിലീപ് കുമാർ.വി.എ, ഫർണിച്ചർ വർക്ക്, 10HP | VIII/289 |

| | | | |
|---|---|---|---|
| 3 | 30 | നീരജ് ബാലൻ, ANB ടൂളേഴ്സ്, 40HP | XII/123 |
| 4 | 31 | സന്തോഷ്.കെ.സി, എ&ബി പെറ്റ് പ്രൊഡക്ട്സ്, 40HP | XII/122 |
| 5 | 38 | ഗോപാലകൃഷ്ണൻ, ഗേറ്റ്, ഗ്രിൽ നിർമ്മാണം, 10HP | VI/309 |
| 6 | 48 | ഔസേഫ്, ഫ്ലവർ മിൽ, 10HP | VII/318 |
| 7 | 60 | നൗഷാദ്, ഫ്ലവർ മിൽ, 10HP | III/90 |
| 8 | 180 | അനിൽ കുമാർ, ഹോളോബ്രിക്സ് നിർമ്മാണം, 10HP | III/358 |
| 9 | 181 | ജാൻസി, റൈസ് മിൽ, 10HP | VII/406 |

2) രജിസ്റ്ററിൽ സ്ഥാപനങ്ങളെ സംബന്ധിച്ച മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല. താഴെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് ഫീസ് അടച്ച തുക സംബന്ധിച്ച രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | റൂം നം. |
|---|---|---|
| 1 | കൃഷ്ണദാസ്, പലചരക്ക് കച്ചവടം | VIII/302 |
| 2 | ദേവസ്സി, സ്റ്റേഷനറി | VIII/15 |
| 3 | പി.ജെ.തോമസ്, എണ്ണ വിൽപ്പന | I/60 |
| 4 | അബ്ദുൾ സലാം, കാറ്ററിങ്ങ് | VII/152A |

3) ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾ കണ്ടെത്തുന്നതിനുള്ള ഫീൽഡ് പരിശോധന കാര്യക്ഷമമായി നടത്തുന്നില്ല. ഉദാഹരണത്തിന് 2015-16 വർഷത്തിൽ ലൈസൻസ് എടുത്ത് പ്രവർത്തിച്ചിരുന്ന ഡോ.സുരേഷ്, കേളംകണ്ടത്ത് വീട് എന്നിവരുടെ ആയുർവേദ ആശുപത്രിയ്ക്ക് (V/560A) 2016-17 വർഷത്തിൽ ലൈസൻസ് എടുത്തിരുന്നില്ല. 2017-18 വർഷത്തിൽ ലൈസൻസ് എടുക്കുമ്പോൾ 2016-17ലെ ലൈസൻസ് തുക കുടിശ്ശികയായി ഈടാക്കുകയാണ് ചെയ്തിരിക്കുന്നത്.
എല്ലാ സ്ഥാപനങ്ങളും ഡി & ഓ ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും ലൈസൻസ് ഫീസിൽ കാലികമായ വർദ്ധനവ് വരുത്തി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-2 തൊഴിൽനികുതി സംബന്ധിച്ച അപാകതകൾ

ഓരോ അർദ്ധവർഷത്തിലും ഡിമാന്റ് നോട്ടീസ് നൽകി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്ന രീതി അവലംബിച്ച് കാണുന്നില്ല. ആയതിനാൽ തന്നെ വളരെയധികം സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാതെ വരുന്നതിനുള്ള സാധ്യതയുണ്ട്. രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.
a) താഴെ പറയുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | റൂം നം. |
|---|---|---|
| 1 | വൽസല സുധാകരൻ, ഗേറ്റ് ഗ്രിൽ നിർമ്മാണം | III/183 |
| 2 | ഷാജു ഡേവീസ്, എവറെറ്റ് സോളാർ | VII/263 |
| 3 | അശോകൻ.സി.എം, ഹോട്ടൽ | IV/309 |
| 4 | ജോസ്, പലചരക്ക് കച്ചവടം | VII/171A |
| 5 | സുനിൽ ബാബു.കെ.ആർ, മരുന്ന് കട | VI/441 |
| 6 | ആൻഡ്രൂസ്, മൊബൈൽ സെയിൽസ് | VII/503 |
| 7 | ചന്ദ്രശേഖരൻ, സിമന്റ് വിൽപ്പന | VII/496 |
| 8 | ഗീത പ്രകാശ്, ക്ലിനിക്കൽ ലാബ് | IX/193 |
| 9 | ഹംസ.വി.വി, പലചരക്ക് കച്ചവടം | XV/348 |
| 10 | നൗഷാദ്, ഫ്ലവർ മിൽ | III/90 |
| 11 | ഉസ്മാൻ.പി.എം, പുതുശ്ശേരി സ്റ്റോഴ്സ് | XIII/490 |

| | | |
|---|---|---|
| 12 | അഷറഫ്, ഫർണ്ണിച്ചർ വിൽപ്പന | VI/36A |
| 13 | ഷാഹുൽ ഹമീദ്, ഇത്തിൾ ചൂള | XIV/279B |
| 14 | പാത്തുമ്മ, മോഡേൺ ലാബ് | VII/525, 528 |
| 15 | ബാബുരാജൻ, ബാബു എഞ്ചിനീയറിങ്ങ് വർക്സ് | X/198 |
| 16 | സുമേഷ് (വീട് പണി സാധനങ്ങൾ വാടകക്ക് കൊടുക്കൽ) | II/280 |
| 17 | കെ.ജി.മോഹനൻ (തേയില, പാൽപ്പൊടി വില്പന) | XIV/238 |
| 18 | മനോജ്.ജി, സ്റ്റേഷനറി | XIII/3 |
| 19 | വനിതാ സഹകരണ സംഘം | X/10 |
| 20 | വസന്തകുമാരി, ഫ്ലവർ മിൽ | X/100 |
| 21 | ദേവസ്സി, സ്റ്റേഷനറി | VIII/15 |
| 22 | സഹനലത, കാന്റീൻ | III/496 |
| 23 | ശ്രീകുമാർ | അപേക്ഷ ഹാജരാക്കിയിട്ടില്ല |
| 24 | ഷെഫീർ.പി.എ, സോപ്പ് പൊടി വിൽപ്പന | XIII/496 |
| 25 | സന്ധ്യ ദിലീപ് കുമാർ | അപേക്ഷ ഹാജരാക്കിയിട്ടില്ല |
| 26 | ഷിജി, ബേക്കറി | III/77 |
| 27 | ഭാസ്കരൻ.പി.എസ് (ഉപ്പേരി, അവലോസ് പൊടി വിൽപ്പന) | XI/97A |
| 28 | ജോജി ചിറമ്മേൽ, സിമന്റ് കച്ചവടം | VII/551D |
| 29 | വിനീഷ്.കെ.വി, ഉദയം പ്രിന്റേഴ്സ് | V/192 |
| 30 | രാജമണി.കെ.ആർ, കുന്നത്ത് ഫാർമ്മസി | VII/135 |
| 32 | അബ്ദുൾസലാം, കാറ്ററിംഗ് | VII/152A |

b) താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) അന്തിക്കാട് പാൽ വിതരണ സംഘം

2) കെ.എസ്.ഇ.ബി, കൊടുങ്ങല്ലൂർ ഡിവിഷൻ

3) അന്തിക്കാട് ബ്ലോക്ക് ഹൗസിങ്ങ് സൊസൈറ്റി

4) മുത്തൂറ്റ് ഫിൻകോർപ്പ്, പുത്തൻപീടിക

5) മാവേലി സ്റ്റോർ, അന്തിക്കാട്

c) പി.എൻ.വൈ സഭ ഫിനാൻസ് ലിമിറ്റഡ്, അന്തിക്കാട് ബ്രാഞ്ചിലെ താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു.

| പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|
| ജീവ മനോജ് | 77896 | 600 | 750 | 150 |
| വരദ രാഗേഷ് | 77896 | 600 | 750 | 150 |
| ജിനി ഏഞ്ചൽസ് | 77494 | 600 | 750 | 150 |
| ആകെ | | | | 450 |

തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന 450 രൂപ ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പത്രിക പരിശോധിച്ച് തൊഴിൽ നികുതി കണക്കാക്കിയിരിക്കുന്നതിന്റെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്. എല്ലാ സ്ഥാപനങ്ങൾക്കും ഡിമാന്റ് നോട്ടീസ് നൽകി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

## 2-3 കെട്ടിട നിർമ്മാണ അനുമതി സംബന്ധിച്ച അപാകതകൾ

കെട്ടിട നിർമ്മാണ അനുമതി നൽകിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) കെ.ജി.എം. എൽ.പി സ്കൂൾ കെട്ടിടത്തിന്റെ 256.32m$^2$ നിർമ്മാണം ക്രമീകരിച്ച് നൽകിയപ്പോൾ ചതുരശ്രമീറ്ററിന് 10 രൂപ നിരക്കിൽ 2570 രൂപ ക്രമവൽക്കരണ ഫീസ് മാത്രമാണ് ഈടാക്കിയിട്ടുള്ളത്. കെ.പി.ബി.ആർ ചട്ടം 135(3) പ്രകാരം ക്രമവൽക്കരണത്തിനുള്ള അപേക്ഷ പുതിയ പെർമിറ്റിനുള്ള അപേക്ഷ പോലെ തന്നെ കണക്കാക്കി പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. പെർമിറ്റ് ഫീസായി ചതുരശ്ര മീറ്ററിന് 5 രൂപ നിരക്കിൽ 256.32x5=1282 രൂപ ഈടാക്കേണ്ടതാണ്.

2) ലാൽ, തണ്ട്യേക്കൽ വീട്, അന്തിക്കാട് (വാർഡ് XI/186A) എന്നവരുടെ കെട്ടിട നിർമ്മാണ പൂർത്തീകരണ ഫയൽ പരിശോധിച്ചതിൽ കൈവശാവകാശ സർട്ടിഫിക്കറ്റിൽ നിലം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പെർമിറ്റ് ഫയലിൽ (പെർമിറ്റ് നം. 1929/14 dt.16/04/14) നിലം നികത്തു കമ്മിറ്റിയുടെ അനുമതി പത്രം ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 11/10.10.17 നുള്ള മറുപടിയിൽ പെർമിറ്റ് അപേക്ഷയോടൊപ്പം സമർപ്പിച്ച കൈവശാവകാശ സർട്ടിഫിക്കറ്റിൽ വില്ലേജ് ഓഫീസർ ഭൂമിയുടെ തരം രേഖപ്പെടുത്തിയിട്ടില്ല എന്നാണ് പറഞ്ഞിരിക്കുന്നത്. ഭൂമിയുടെ തരം ഉറപ്പാക്കി മാത്രം നിർമ്മാണ അനുമതി നൽകുന്നതിന് നിഷ്കർഷ പുലർത്തേണ്ടതാണ്.

## 2-4 വസ്തു നികുതി സംബന്ധിച്ച അപാകത

വാർഡ് IV/2A, ജയചന്ദ്രദാസ്, കെല്ലാറ വീട്, അന്തിക്കാട് എന്നവരുടെ 314.25m$^2$ കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാനിൽ അമ്പലക്കാട് റോഡ് 6m എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നികുതി നിശ്ചയിച്ചപ്പോൾ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവ് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 10/10.10.17 നുള്ള മറുപടിയിൽ പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പ്രകാരം ടി റോഡിന് 4 മീറ്റർ വീതി മാത്രമാണ് ഉള്ളത് എന്നും പ്ലാനിൽ തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നുമാണ് പറഞ്ഞിരിക്കുന്നത്. സ്ഥല പരിശോധന നടത്തി നിജസ്ഥിതി ഉറപ്പ് വരുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-5 പാരാമെഡിക്കൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

പാരാമെഡിക്കൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.

1) മോഡേൺ ലാബ്

2) ജനത ക്ലിനിക്കൽ ലാബ്

3) ഗീത ക്ലിനിക്കൽ ലാബ്

4) ഡോ.സുരേഷ്, ആയുർവേദ ആശുപത്രി

5) പാദുവ ആശുപത്രി

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം എല്ലാ പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും ലൈസൻസില്ലാത്തവക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-6 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്.

നിലവിൽ പത്ത് മൊബൈൽ ടവറുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി ഓഡിറ്റ് അന്വേഷണം നം.2/09.10.17 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഇതിൽ ഏഴ് ടവറുകളുടെയും വസ്തുനികുതി കുടിശ്ശിക ഉള്ളതായി അറിയിച്ചിട്ടുണ്ട്. കുടിശ്ശികയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | സ്ഥാപനം | B.T | S.T | L.C | കുടിശ്ശിക |
|---|---|---|---|---|---|---|
| 1 | 3/480 | ഭാരതി എയർടെൽ ലിമിറ്റഡ് | 8292 | 415 | 415 | 36478 |
| 2 | 7/486 | എയർസെൽ ഡിഷ്നെറ്റ് | 9000 | 450 | 450 | 39600 |
| 3 | 7/576 | റിലയൻസ് ഇൻഫ്രാ ലിമിറ്റഡ് | 9000 | 450 | 450 | 39600 |

| | | | | | | |
|---|---|---|---|---|---|---|
| 4 | 8/285 | അസന്റ് ടെലകോം ഇൻഫ്രാസ്ട്രക്ചർ | 9000 | 450 | 450 | 39600 |
| 5 | 8/461 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 9000 | 450 | 450 | 39600 |
| 6 | 8/472 | ഐഡിയ മൊബൈൽ കമ്യൂണിക്കേഷൻ | 3600 | 180 | 180 | 15840 |
| 7 | 9/232 | ബി.എസ്.എൻ.എൽ ടവേഴ്സ് | 6000 | 300 | 300 | 26400 |
| ആകെ | | | | | | 237118 |

കുടിശ്ശിക ഇനത്തിൽ ലഭ്യമാകാനുള്ള 2,37,118/- രൂപ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നാല് വർഷത്തെ കുടിശ്ശികയാണ് ഓരോ മൊബൈൽ ടവറുകളും വരുത്തിയിട്ടുള്ളത്. മൂന്ന് വർഷത്തിനു മുകളിലുള്ള കുടിശ്ശിക പിരിച്ചെടുക്കാത്തത് സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.256561 രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പ്പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നമ്പർ<br>പ്രോജക്ട് | ട്രഷറി ബിൽ നമ്പർ /തുക | തുക നൽകിയത് |
|---|---|---|---|
| 1 | Soo124/17<br>സോഷ്യൽ സെക്യൂരിറ്റി മിഷന് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസ്എബിലിറ്റീസ് എന്ന പദ്ധതിക്ക് തുക നൽകിയത് | 1/16-17<br>തീ. 24.3.17<br>തുക 200000/- | എക്സിക്യൂട്ടീവ് ഡയറക്ടർ<br>കേരളാ സാമൂഹ്യ സുരക്ഷാ മിഷൻ |
| 2 | Soo24/17<br>ഇൻ ഫർമേഷൻ കേരളാ മിഷന് നൽകേണ്ട തുക | 37/16-17/30.3.17/<br>56561രൂപ | എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻ ഫർമേഷൻ കേരളാ മിഷൻ |
| ആകെ തുക | | 256561 | |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 256561 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 അസി.സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 860000രൂപ തടസ്സപ്പെടുത്തുന്നു.

അസി.സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പ്പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നമ്പർ<br>പ്രോജക്ട് | ട്രഷറി ബിൽ നമ്പർ / തുക | തുക നൽകിയത് |
|---|---|---|---|
| 1 | Soo70/17<br>പി.എം.എ. വൈ .അധികവിഹിതം | 1/16-17/21.1.17/260000രൂപ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി , അന്തിക്കാട് |
| 2 | Soo125/17 | 5/16-17/30.3.17/600000രൂപ | ബ്ലോക്ക് |

| | | | |
|---|---|---|---|
| | ഐ.എ.വൈ അധികവിഹിതം | | പഞ്ചായത്ത് സെക്രട്ടറി , അന്തിക്കാട് |
| ആകെ തുക | | 860000 | |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 860000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-3 കുടിവെള്ള ടാപ്പുകളുടെ സംയുക്തപരിശോധന നടത്തേണ്ടതാണ്.

പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഗ്രാമപഞ്ചായത്ത് തൻവർഷം 12,96,756/- രൂപ അടവാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുള്ള പൊതുടാപ്പുകളുടെ എണ്ണത്തെപ്പറ്റി GO(Rt) 1501/2006/LSGD dt.23.06.06 പ്രകാരം കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതാണ്. ആയത് നടപ്പാക്കേണ്ടതും ഉപയോഗിക്കുന്ന ടാപ്പുകൾക്ക് മാത്രമേ കരം അടയ്ക്കുന്നുള്ളു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 3-4 ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ 10%ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയിരിക്കുന്നു.

നിലവിലുള്ള ഉത്തരവുകൾ പ്രകാരം മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ 5% ഓവർഹെഡ് ചാർജ്ജും 10% കരാറുകാരന്റെ ലാഭവുമാണ് ഉൾപ്പെടുത്തി വരുന്നത്. എന്നാൽ അന്തിക്കാട് ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ 10% ഓവർഹെഡ് ചാർജ്ജും 10% കരാറുകാരന്റെ ലാഭവും ഉൾപ്പെടുത്തിക്കാണുന്നു. ഇത്തരത്തിൽ എസ്റ്റിമേറ്റിൽ അധികനിരക്കിൽ ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയിരിക്കുന്നത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കേണ്ടതാണ്.

## 3-5 ബിറ്റുമിനു വേണ്ടി അധികം അടവാക്കിയ തുക തിരികെ ലഭ്യമാക്കേണ്ടതാണ്

അന്തിക്കാട് ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ മരാമത്ത് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങുന്നതിനായി താഴെ പ്പറയും പ്രകാരം തുക അടവാക്കിയിട്ടുണ്ട്. എന്നാൽ അടവാക്കിയ മൊത്തം തുകയ്ക്കുള്ള ബിറ്റുമിൻ ലഭ്യമാക്കിയിട്ടില്ല. അധികം അടവാക്കിയ തുക പഞ്ചായത്തിനു ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.തുക അടവാക്കിയതിന്റേയും ബിറ്റുമിൻ ലഭ്യമാക്കിയതിന്റേയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | ആവശ്യമായ അളവ് | നിരക്ക് /kg/ ബാരൽ | അടവാക്കിയ തുക | ലഭ്യമായ ടാറിന്റെ വില | അധികം വന്ന തുക | തുക ആർക്ക് കൊടുത്തു |
|---|---|---|---|---|---|---|---|
| 1 | VG 30 | 212 ബാരൽ | 5598.36/ barrel | 1186852.32 | 1141878.72 | 44973 | അസി. സെയിൽസ് മാനേജർ , I&C HPCL കൊച്ചിൻ റീജിയണൽ ഓഫീസ് |
| 2 | Emulsion | RS1 -18 BARREL, SS1-27 BARREL | 7348.53ബാരൽ 12044.21ബാരൽ | 457467 | 449018 | 8449.06 | മാനേജർ HC Pvt . Ltd അഡ്ജസെന്റ് HPCL POL Terminal village bala via Kattippalla . Mangalore |

## 3-6 മരാമത്ത് പ്രവൃത്തികളുടെ അവലോകനം

2016-17 വർഷത്തിൽ അന്തിക്കാട് ഗ്രാമപഞ്ചായത്തിൽ 57 മരാമത്ത് പ്രോജക്ടുകളാണ് വിഭാവനം ചെയ്തിരുന്നത്. ഇതിൽ 39 പ്രോജക്ടുകളാണ് നടപ്പാക്കിയത്. മൊത്തം അടങ്കൽ 25419360രൂപയും ചെലവ് 7219378 രൂപയുമാണ്. മൊത്തം അടങ്കലിന്റെ 28%തുക മാത്രമാണ് ചെലവഴിക്കാനായത് . ജനകീയാസൂത്രണണപദ്ധതി കൊണ്ട് ജനങ്ങൾക്ക് ലഭിക്കേണ്ട ഗുണഫലങ്ങൾ ലഭിക്കാതെ പോയി എന്നാണ് ഇത് സൂചിപ്പിക്കുന്നത്. നടപ്പാക്കുവാൻ കഴിയുന്ന പ്രോജക്ടുകൾ മാത്രം പദ്ധതിയിൽ

ഉൾപ്പെടുത്തേണ്ടതാണ്.

## 3-7 ഹെഡ് മാസ്റ്റർ ജി.എൽ.പി.എസ്. നിർവ്വഹണം നടത്തിയ പ്രോജക്ട് - വിജ്ഞാനോത്സവം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ ചെലവ്

പ്രോജക്ട് നം.52/2017

അടങ്കൽ:40,000

ചെലവ്:40,000

ട്രഷറി ബിൽ നമ്പർ:01/2016-17 തിയ്യതി:25-01-2017 തുക:₹40,000

ഹെഡ് മാസ്റ്റർ ജി.എൽ.പി.എസ്. നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് നമ്പർ 52/2017 പ്രകാരം നടപ്പാക്കിയ വിജ്ഞാനോൽസവം എന്ന പ്രോജക്ടിനായി വികസന ഫണ്ട് പൊതുവിഭാഗം സാധാരണവിഹിതത്തിൽ നിന്നും മേൽ ട്രഷറി ബിൽ പ്രകാരം 40,000 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുക ഹെഡ് മിസ്ട്രസ്, അന്തിക്കാട് ഗവൺമെന്റ് ഹൈസ്കൂളിന് കൈമാറുകയും, ആയതിന് കൈപ്പറ്റ് രശീതി വാങ്ങി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളതുമാണ്. സ്റ്റേഷനറി വാങ്ങുന്നതിനും കുട്ടികൾക്ക് കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പുസ്തകങ്ങൾ വാങ്ങുന്നതിനും ഭക്ഷണത്തിനുമായിട്ടാണ് തുക ചെലവഴിച്ചത്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)4/ 2016/തസ്വഭവ.തീയതി 11-01-2016ഭാഗം-4 ഖണ്ഡിക 11.6(iii) പ്രകാരം പ്രൈമറി വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വികസിപ്പിക്കുന്നതിനും വേണ്ടി അദ്ധ്യാപക പരിശീലനം ഉൾപ്പെടെ നിരവധി പരിപാടികൾ എസ്.എസ്.എ നടപ്പിലാക്കിവരുന്നതിനാൽ അനുപൂരകമായി ഇത്തരം പരിപാടികൾ ഏറ്റെടുക്കുവാനുദ്ദേശിക്കുന്നുണ്ടെങ്കിൽ ആവർത്തനം ഒഴിവാക്കുന്നതിനായി അത്തരം പരിപാടികൾ എസ്.എസ്.എ പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി വിജ്ഞാനോത്സവം എന്ന പ്രോജക്ട് ഏറ്റെടുത്തുനടത്തിയതിന് വിശദീകരണം നല്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം:6തിയ്യതി:10-10-2017)

## 3-8 വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ വികസന ഫണ്ട് എസ്.സി.പി പ്രോജക്ടു്-ഗുണഭോക്താവിന്റെ ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല

വികസന ഫണ്ട് എസ്.സി.പി വിഹിതത്തിൽ നിന്നും നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടിൽ ഗുണഭോക്താവിന്റെ ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം പ്രോജക്ട് ഫയലിൽ ഇല്ലാത്തതാണ്.

പ്രോജക്ട് നം.33/2017

പ്രോജക്ടിന്റെ പേര്: പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി (എസ്.സി.പി)

അടങ്കൽ:1,25,000

ട്രഷറി ബിൽ നമ്പർ:520/2220162 തിയ്യതി:23-02--2017 തുക:₹62,500

ഗുണഭോക്താവിന്റെ പേര്: ഉണ്ണിരാജൻ, കൊക്കിണിപടിയം വീട്, അന്തിക്കാട് പി.ഒ

ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം:7തിയ്യതി:10-10-2017 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ഹാജരാക്കിയിട്ടില്ലാത്തതാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത ഗുണഭോക്താവിനായി അടവാക്കിയ ₹6,250/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 മെഡിക്കൽ ഓഫീസർ പി.എച്ച്.സി.നിർവ്വഹണം നടത്തിയ പ്രോജക്ട്- പകർച്ച വ്യാധി നിയന്ത്രണം -പരിശോധന നടത്തിയ സ്ഥാപനങ്ങളുടെ

## പേരുവിവരം രേഖപ്പെടുത്തിയിട്ടില്ല

പ്രോജക്ട് നം.47/2017

പ്രോജക്ടിന്റെ പേര്: പകർച്ച വ്യാധി നിയന്ത്രണം

അടങ്കൽ:10000

ചെലവ്:10000

ട്രഷറി ബിൽ നമ്പർ:6/2016-17 തിയ്യതി:30-03-2017 തുക:₹10,000

അന്തിക്കാട് ഗ്രാമപഞ്ചായത്തിലെ, അന്തിക്കാട്, മുറ്റിച്ചൂർ, പടിയം എന്നിവിടങ്ങളിലെ ഹോട്ടലുകൾ, ബേക്കറികൾ, കാറ്ററിങ്ങ് യൂണിറ്റുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തുന്നതിനായി ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജുനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ് എന്നീ ഉദ്യോഗസ്ഥർ 2016-17 വർഷത്തിൽ 15 തവണ വാഹനം ഉപയോഗിച്ചതിന്, ശ്രീ.ഔസേഫ്.പി.ആർ. എന്നവർക്ക് വണ്ടിവാടക അനുവദിച്ച ഇനത്തിൽ ₹10,000/- അനുവദിയ്ക്കുന്നതിനായാണ് പദ്ധതി പണം വിനിയോഗിച്ചിരിയ്ക്കുന്നത്. എന്നാൽ പകർച്ച വ്യാധി നിയന്ത്രണം പരിശോധന സംബന്ധിച്ച രജിസ്റ്ററിൽ ,ഹോട്ടലുകൾ, ബേക്കറികൾ, ക്യാറ്ററിംങ്ങ് യൂണിറ്റുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തി എന്ന് രേഖപ്പെടുത്തിയതല്ലാതെ, ഏതെല്ലാം സ്ഥാപനങ്ങളിൽ പരിശോധന നടത്തി എന്ന് രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. പരിശോധനയിൽ കണ്ട അപാകതകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച രേഖപ്പെടുത്തലും പരിശോധനയ്ക്കായി ഹാജരാക്കിയ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് 11-10-2017ലെ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ, സൂപ്രണ്ട് സാമൂഹ്യ ആരോഗ്യകേന്ദ്രം, അന്തിക്കാട് സ്കൂളിനടുത്തുനിന്ന് പുകയില ഉത്പന്നങ്ങൾ പിടിച്ചെടുത്തതായും കേസ് നിലനിൽക്കുന്നതായും അറിയിച്ചിട്ടുണ്ട്. ഈ ഇനത്തിൽ സ്ഥപനങ്ങളിൽ നിന്നും യാതൊരു വിധത്തിലുള്ള പിഴ ഈടാക്കിയതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഈ ഇനത്തിൽ യാതൊരു വരവും പഞ്ചായത്ത് കണക്കുകളിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതുമാണ്. ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ,ജുനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ് എന്നീ ഉദ്യോഗസ്ഥർക്ക് 2014ലെശമ്പള പരിഷ്ക്കരണ ഉത്തരവ് അനുബന്ധം 15 പ്രകാരം ശമ്പളത്തോടൊപ്പം സ്ഥിരം യാത്രാബത്തകൂടി അനുവദിച്ചിരിക്കെ, ദൈനംദിന ജോലിയുടെ ഭാഗമായുള്ള പരിശോധനയ്ക്ക് പ്രത്യേക വാഹനം ഉപയോഗിയ്ക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം:12തിയ്യതി:11-10-2017)

## 3-10 മരുന്നിനുള്ള തുക അടവാക്കി ആറു മാസമായിട്ടും മരുന്ന് ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്. സി നിർവ്വഹണം നടത്തിയ സാന്ത്വനം, പാലിയേറ്റീവ് പരിചരണ പരിപാടി എന്ന പ്രോജക്ടിൽ ( പ്രോജക്ടു് നമ്പർ:45/2017) മരുന്ന് വാങ്ങുന്നതിനായി തുക അടവാക്കി ആറു മാസമായിട്ടും മരുന്ന് ലഭ്യമായിട്ടില്ല വിശദാംശം താഴെ ചേർക്കുന്നു.

| പദ്ധതി പ്രകാരം മരുന്ന് വിതരണം ചെയ്യുന്ന സ്ഥാപനത്തിന്റെ പേരുവിവരം | | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | | |
|---|---|---|---|---|
| | | പ്രോജക്ട്പ്രകാരംവിതരണം ചെയ്ത മരുന്നിന്റെ വിവരം | | |
| പ്രോജക്ടിന്റെ പേരുവിവരം | സാമ്പത്തിക വർഷം | ആകെ അടവാക്കിയ തുക | വിതരണം ചെയ്ത മരുന്നിന്റെ വില | വിതരണം ചെയ്യാൻ ബാക്കിയുള്ള മരുന്നിന്റെ വില |
| പാലിയേറ്റീവ് പരിചരണ പരിപാടി ( പ്രോജക്ടു് | 2016-17 | 1,86,480 | Nil | - |

| | | | | |
|---|---|---|---|---|
| നമ്പർ:45/2017)<br>ട്രഷറി ബിൽ നം.9/2016-17 തിയ്യതി:30-03-2017<br>UTR No.000000199388472<br>തിയ്യതി:30-03-2017 | | | | |

മരുന്ന് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ മരുന്നു വാങ്ങൽ പ്രോജക്ടിലെ അപാകതകൾ

പ്രൊജക്ട് നം. 31/16-17, ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയ്ക്കായി 50,000/- രൂപ ഹോംകോ ആലപ്പുഴ എന്ന സ്ഥാപനത്തിന് 28.01.17 തീയതിയിൽ കൈമാറിയിട്ടുണ്ട്. എന്നാൽ തുകകൈമാറിയതിനുശേഷം 08.06.17ന് ഇൻഡന്റ് തയ്യാറാക്കി, 19.06.17നു മാത്രമാണ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്ന് നോൺ-അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിരിക്കുന്നത്. തുക കൈമാറുന്നതിനു മുൻപായി ഇന്റന്റ് തയ്യാറാക്കി പ്രസ്തുത മരുന്നിന്റെ ലഭ്യത ബന്ധപ്പെട്ട സർക്കാർ വകുപ്പിൽ നിന്നും ഉറപ്പുവരുത്തുന്നതിനു മുമ്പ് മരുന്നു വിതരണ ഏജൻസിയ്ക്ക് തുക കൈമാറിയ പ്രവൃത്തി, സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)4/ 2016/ തസ്വഭവ, തീയതി 11-01-2016 അനുബന്ധം 15 ഖണ്ഡിക 7-4നു വിരുദ്ധമാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ മെഡിക്കൽ ഓഫീസർ, ഇത് അറിവില്ലായ്മകൊണ്ട് സംഭവിച്ച പിഴയാണെന്ന് അറിയിച്ചിട്ടുള്ളതാണ്. ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിയ്ക്കാതിരിയ്ക്കുന്നതിനുള്ള കരുതൽ ഉണ്ടാവേണ്ടതാണ്. മരുന്നിന് വേണ്ടി കേരള ഹോമിയോപ്പതിക് സഹകരണ ഫാർമസി ലിമിറ്റഡിൽ പണം അടവാക്കി പത്തുമാസത്തിലധികം കഴിഞ്ഞിട്ടും നാളിതുവരെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്.

## 3-12 നെൽകർഷകർക്കുള്ള ഉത്പാദന ബോണസ് വിതരണം - ധനസഹായവിതരണം പൂർത്തിയാക്കിയിട്ടില്ല

ട്രഷറി ബിൽ നമ്പർ:38/2016-17 തിയ്യതി:10-03-2017 തുക:₹5,67,680

മേൽ ട്രഷറി ബിൽ പ്രകാരം പഞ്ചായത്ത് സെക്രട്ടറി മാറിയ തുക കൃഷിഓഫീസർക്ക് കൈമാറിയിട്ടുള്ളതും, കൃഷിഓഫീസറുടെ പേരിലുള്ള, കേരള ഗ്രാമീൺ ബാങ്കിന്റെ കാഞ്ഞാണി ശാഖയിലെ 40320100100662 നമ്പർ അക്കൗണ്ടിൽ നിന്നും ധനസഹായം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ ബാങ്ക് പാസ്സ് ബുക്ക് പരിശോധിച്ചതിൽ 09-05-2017 തിയ്യതിയിൽ ₹11,608/- പ്രസ്തുത ഇനത്തിൽ ഗുണഭോക്താക്കൾക്ക് വിതരണം നടത്തുന്നതിനാവാതെ അക്കൗണ്ടിൽ തിരിച്ചു വന്നിട്ടുള്ളതാണ്. 31 ഗുണഭോക്താക്കൾക്കുള്ള ധനസഹായമാണ് നാളിതുവരെയും വിതരണം നടത്താതെ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പായിട്ടുള്ളതെന്നും, ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലെ അപാകതകൊണ്ടും, പല ഗുണഭോക്താക്കളും മരണപ്പെട്ടതിനാലുമാണ് തുക വിതരണം ചെയ്യുന്നതിന് കഴിയാത്തതെന്ന് കൃഷി ഓഫീസർ 11-10-2017ലെ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുള്ളതാണ്. അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്യേണ്ടതും, ആയതിന് കഴിയുന്നില്ലയെങ്കിൽ ബാക്കിതുക സഞ്ചിതനിധിയിലേയ്ക്ക് തിരിച്ചടച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം:15തിയ്യതി:11-10-2017)

## 3-13 ആശ്രയ പദ്ധതി അവലോകനം

2016-17ആശ്രയ പദ്ധതി സംബന്ധിച്ച അവലോകനം താഴെ ചേർക്കുന്നു

| ക്രമ നം. | ഇനം | | ജനറൽ | |
|---|---|---|---|---|
| | | | 1st പ്രോജക്ട് | 2nd പ്രോജക്ട് |
| 1 | ആശ്രയ പദ്ധതി സർവേ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ആശ്രയ കുടുംബങ്ങൾ | | 87 | 45 |
| 2 | പദ്ധതി പ്രകാരം ആകെ ഗുണഭോക്താക്കൾ | | 159 | 85 |
| 3 | പദ്ധതി പ്രകാരം വീടുവെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | | 20 | 0 |
| 4 | നാളിതുവരെ ലഭിച്ചവർ | | 0 | 0 |
| 5 | പദ്ധതി പ്രകാരം വീട് ആവശ്യമുള്ളവർ | | 46 | 11 |
| 6 | നാളിതുവരെ ലഭിച്ചവർ | | 9 | 0 |
| 7 | പദ്ധതി പ്രകാരം വീട് റിപ്പയർ ആവശ്യമുള്ളവർ | | 14 | 11 |
| 8 | നാളിതുവരെ ലഭിച്ചവർ | | 3 | 0 |
| 9 | പദ്ധതി പ്രകാരം കക്കൂസ് ആവശ്യമുള്ളവർ | | 3 | 2 |
| 10 | നാളിതുവരെ ലഭിച്ചവർ | | 0 | 0 |
| 11 | പദ്ധതി പ്രകാരം കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | | 16 | 8 |
| 12 | നാളിതുവരെ ലഭിച്ചവർ | | 0 | 0 |
| 13 | പദ്ധതി പ്രകാരം വീട് വൈദ്യുതീകരണം ആവശ്യമുള്ളവർ | | - | - |
| 14 | നാളിതുവരെ ലഭിച്ചവർ | | - | - |
| 15 | ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആശ്രയ പദ്ധതി പ്രകാരം ഭക്ഷണം,മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം ആവശ്യമുള്ള കുടുംബങ്ങൾ / വ്യക്തികൾ | | 58 | 45 |
| 16 | ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആശ്രയ പദ്ധതി പ്രകാരം ചലഞ്ച് ഫണ്ട് ഉപയോഗപ്പെടുത്തി ഭക്ഷണം,മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം നല്കുന്ന കുടുംബങ്ങൾ / വ്യക്തികൾ | | 58 | 45 |
| 17 | ആശ്രയ പദ്ധതി പ്രകാരം നാളിതുവരെ വരവ് | പ്ലാൻ ഫണ്ട് | 25,00,000 | 2,50,000 |
| | | ചലഞ്ച് ഫണ്ട് | 15,00,000 | 3,00,000 |
| 18 | ആശ്രയ പദ്ധതി പ്രകാരം ചെലവ് | പ്ലാൻ ഫണ്ട് | 22,20,000 | |
| | | ചലഞ്ച് ഫണ്ട് | 9,20,850 | |
| 19 | നീക്കിയിരിപ്പ് | പ്ലാൻ ഫണ്ട് | 2,80,000 | 2,50,000 |
| | | ചലഞ്ച് ഫണ്ട് | 5,79,150 | 3,00,000 |
| 21 | ചെലവ് ശതമാനം | പ്ലാൻ ഫണ്ട് | 88% | 0 |
| | | ചലഞ്ച് ഫണ്ട് | 61% | 0 |
| 21 | ആശ്രയ ബാങ്ക് അക്കൗണ്ടിലെ 31-03-2017 തിയ്യതിയിലെ നീക്കിയിരിപ്പ് | | അക്കൗണ്ട് നം. | തുക |
| | | പ്ലാൻ ഫണ്ട് | 2160/10 അന്തിക്കാട് സർവ്വീസ് കോ. ബാങ്ക് | 14,39,368* |
| | | ചലഞ്ച് ഫണ്ട് | | |

* ആശ്രയക്കായുള്ള, അന്തിക്കാട് സർവ്വീസ് കോ. ബാങ്കിലുള്ള 2160/10 അക്കൗണ്ടിൽ മേൽ കാണിച്ചപ്രകാരം ₹14,39,368/- നീക്കിയിരിപ്പുള്ളതിൽ ₹13,63,969/- രൂപയുടെ വിശദാംശം മാത്രമേ

പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ. ₹75,399/- ന്റെ വിശദവിവരങ്ങൾ അറിയിക്കേണ്ടതാണ്. ആശ്രയ രണ്ടാം ഘട്ടത്തിന് അനുവദിച്ച മേൽകാണിച്ച തുക പഞ്ചായത്ത് അക്കൗണ്ടിൽ നിന്നും ആശ്രയ അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്തിട്ടില്ലാത്തതാണ്. ആയതിന് നടപടി സ്വീകരിക്കേണ്ടതാണ്.

അക്കൗണ്ടിൽ ചെലവഴിക്കാതെ ബാലൻസായി നിലനിൽക്കുന്ന തുക സമൂഹത്തിലെ ഏറ്റവും താഴെ തട്ടിലുള്ള അഗതികളും, നിരാലംബരുമായ ആശ്രയ ഗുണഭോക്താക്കളുടെ ഉന്നമനത്തിനായി ചെലവഴിയ്ക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം

2016-17 വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിനടത്തിപ്പ് അവലോകനം സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

<table>
<tr><td>1</td><td colspan="3">2016-17 വർഷത്തെ മൊത്തം അടങ്കൽ</td><td>1,59,81,042</td></tr>
<tr><td>2</td><td colspan="3">2016-17 വർഷത്തെ മുൻ ബാക്കി</td><td>ഇല്ല</td></tr>
<tr><td>3</td><td colspan="3">2016-17 വർഷത്തെ ആകെ വരവ്</td><td>1,63,52,955</td></tr>
<tr><td>4</td><td colspan="3">2016-17 വർഷത്തെ ആകെ ചെലവ്</td><td>1,63,52,955</td></tr>
<tr><td>5</td><td colspan="3">2016-17വർഷത്തെ വർഷാന്ത്യ നീക്കിയിരിയിപ്പ്</td><td>ഇല്ല</td></tr>
<tr><td>6</td><td colspan="3">2016-17 വർഷത്തിൽ വിഭാവനം ചെയ്തപദ്ധതികളുടെ എണ്ണം</td><td>1285</td></tr>
<tr><td>7</td><td colspan="3">2016-17 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം</td><td>165</td></tr>
<tr><td>8</td><td colspan="3">മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം</td><td>2333</td></tr>
<tr><td>9</td><td colspan="4">2016-17 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ</td></tr>
<tr><td colspan="2">സ്ത്രീ</td><td colspan="2">പുരുഷൻ</td><td>ആകെ</td></tr>
<tr><td colspan="2">46461</td><td colspan="2">2242</td><td>48703</td></tr>
<tr><td>പട്ടിക ജാതി</td><td colspan="2">പട്ടിക വർഗ്ഗം</td><td>മറ്റുള്ളവർ</td><td>ആകെ</td></tr>
<tr><td>15664</td><td colspan="2">-</td><td>33039</td><td>48703</td></tr>
<tr><td>11</td><td colspan="3">2016-17 വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം</td><td>862</td></tr>
<tr><td>12</td><td colspan="3">2016-17 വർഷത്തിൽ 100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം</td><td>292</td></tr>
<tr><td>13</td><td colspan="3">മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2016-17 വർഷത്തിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം</td><td>ഇല്ല</td></tr>
<tr><td>14</td><td colspan="3">മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2016-17 വർഷത്തിൽ വിതരണം ചെയ്ത വേതനം</td><td>1,50,73,643</td></tr>
<tr><td>15</td><td colspan="3">മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 31-03-2017ൽ വിതരണം ചെയ്യാൻ കുടിശ്ശികയുള്ള വേതനം</td><td>ഇല്ല</td></tr>
<tr><td>15</td><td colspan="3">2016-17 വർഷത്തിൽ സ്ഥിര ആസ്തികൾ</td><td>1,20,551</td></tr>
</table>

| | | |
|---|---|---|
| | പൂർത്തിയാക്കുന്നതിന് വിനിയോഗിച്ച തുക | |
| 16 | സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ | 2016-17 രണ്ടു പാദത്തിലും നടത്തി |

**പദ്ധതികൾ സംബന്ധിച്ച വിശാദാംശം**

| ക്രമ നം | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ് , ജല സംരക്ഷണം | - | - |
| 2 | വരൾച്ച തടയൽ , വനവത്കരണം | 1 | 3360 |
| 3 | ചെറുകിട ജലസേചനം | ഇല്ല | - |
| 4 | പട്ടികജാതി/ പട്ടികവർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജലസംരക്ഷണം | 105 | 91,69,225 |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 55 | 62,83,883 |
| 6 | ഭൂവികസനം | - | - |
| 7 | വെള്ളപ്പൊക്കനിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | ഇല്ല | - |
| 8 | മറ്റുള്ളവ | 4 | 49,665 |
| 9 | ആകെ | 165 | 1,55,06,133 |

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1,31,250 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 1,31,250 | 0 |
| ജില്ലാപഞ്ചായത്ത് | 2016-17 | 1,31,250 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 1,31,250 | 0 |

കുറിപ്പ്:- നിർവ്വഹണ ഉദ്യോഗസ്ഥരായ മെഡിക്കൽ ഓഫീസർ പി.എച്ച്.സി.യ്ക്ക് പ്രോജക്ട് നമ്പർ:45/2017, സാന്ത്വനപരിചരണ പദ്ധതിയിൽ ₹3,00,000യും, കൃഷി ഓഫീസർക്ക് പ്രോജക്ട് നമ്പർ:39//2017,നെൽകൃഷിയ്ക്ക് അത്യുൽപ്പാദനശേഷിയുള്ള നെൽവിത്ത് എന്ന പദ്ധതിയിൽ ₹5,00,000/ യും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നേരിട്ട് നല്കിയിരിയ്ക്കുന്നു. പ്രസ്തുത തുക പഞ്ചായത്തിന്റെ പദ്ധതി ചെലവിലും,അക്കൗണ്ട്സിലും, വാർഷിക കണക്കിലുംഉൾപ്പെട്ടിട്ടില്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. കണ്ടശ്ശാംകടവ് | കൊച്ചിപ്പാടം സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | ട്രഷറി ബിൽ നമ്പർ: 39/16-17 തിയ്യതി: 08-03-17 | 160292 | 160292 | വിനിയോഗസാക്ഷ്യപത്രം നമ്പർ: DD/KKD/PPS/35 തിയ്യതി: 25-09-2017 |
| കെ.എസ്.ഇ.ബി. പെരിങ്ങോട്ടുകര | മുറ്റിച്ചൂർ അപ്രോച്ച് ലൈൻ എക്സ്റ്റെൻഷൻ | ട്രഷറി ബിൽ നമ്പർ: 39/16-17 തിയ്യതി: 08-03-17 | 41399 | 41399 | വിനിയോഗസാക്ഷ്യപത്രം നമ്പർ:DB/2017-18AKD GP തിയ്യതി:25-09-2017 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഷെയർ സർട്ടിഫിക്കറ്റ് നം. 079 തിയ്യതി:05-07-2001, തൃശ്ശൂർ കോഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, വിരുപ്പാക്ക,തൃശ്ശൂർ | 5,000 |
| ആകെ | 5,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4767 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ |
|---|---|---|---|---|
| 1998-99 | 13.A(2) | 830 | എൻ.ആർ.ജയൻ, | 11601101912/ 17.10.16 |

| | | | | |
|---|---|---|---|---|
| | | | മുൻ സെക്രട്ടറി | |
| 1998-99 | 16(2) | 3937 | എൻ.ആർ.ജയൻ, മുൻ സെക്രട്ടറി | 11601101711/ 13.01.17 |
| ആകെ | | 4767 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,63,77,009 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,48,38,584 |
| വരവിനങ്ങളിലുള്ള നഷ്ടം | 1732 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11,22,811 |

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2-(C) | 450 | - | പി.ജി.വസന്തകുമാർ സെക്രട്ടറി |
| 2-3-1 | 1282 | - | പി.ജി.വസന്തകുമാർ സെക്രട്ടറി |
| ആകെ | 1732 | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2,56,561 | പി.ജി.വസന്തകുമാർ, സെക്രട്ടറി |
| 3-2 | 8,60,000 | ഷീല.വി.ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 6,250 | ഡോ.രാജീവ്.കെ.ആർ, വെറ്ററിനറി സർജൻ |
| ആകെ | 11,22,811 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു ാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഈ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.ജി.വസന്തകുമാർ, സെക്രട്ടറി | സെക്രട്ടറി, അന്തിക്കാട് ഗ്രാമ പഞ്ചായത്ത് | പൊട്ടംതടത്തിൽ വീട്,ചൊവ്വൂർ(പി.ഒ), തൃശ്ശൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 71-72 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 6(ബി) |
| 72-73 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 6(ബി) |
| 80-81 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 6,7,16 (എ) |
| 81-82 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 3 -12,19,20 20-(2) ,3,24,27,28, |
| 82-83 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 18,19,20,21 |
| 83-84 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 16 |
| 85-86 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 15,21,22,23(1),23(2), 25 (1) 26,32 (a),32(d) |
| 86-87,87-88 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 14 |
| 88-89,89-90 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 6 (എ, സി) |
| 90-91 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 | 15 |

| | | |
|---|---|---|
| | (ഓഡിറ്റ് അദാലത്ത്) | |
| 91-92 | എൽ എഫ് ടി എസ് 2-936/11<br>തിയ്യതി 24-10-11/03-12-11<br>(ഓഡിറ്റ് അദാലത്ത്) | 15,17 |
| 92-93,93-94 | എൽ.എഫ്.ടി 13-74/96<br>തിയ്യതി 25-03-97 | |
| 96-97 | എൽ.എഫ്.ടി 13-74/98<br>തിയ്യതി 09-06-98 | |
| 97-98 | എൽ.എഫ്.ടി 13-1915/06<br>തിയ്യതി 09-08-06 | |
| 98-99 | എൽ.എഫ്.ടി 13-1916/06<br>തിയ്യതി 09-08-06 | |
| 99-2000 | എൽ.എഫ്.ടി13-1917/06<br>തിയ്യതി 09-08-06 | |
| 2000-01 | എൽ.എഫ്.ടി 13-2186/06<br>തിയ്യതി 30.06.07 | |
| 99-2000<br>മുതൽ<br>2001-02<br>(പ്ളാൻ) | എൽ.എഫ്.ടി 13-1078/03<br>തിയ്യതി 06.02.04/22.05.07 | |
| 2002-2003 | എൽ.എഫ്.ടി13-2188/06<br>തിയ്യതി 08.02.07/06.10.2000 | |
| 2003-2004 | എൽ.എഫ്.ടി -1878/08<br>തിയ്യതി 09.12.09 | |
| 2004-2005 | എൽ.എഫ്.ടി 11-1877/08<br>തിയ്യതി 09.12.09 | |
| 2005-2006 | എൽ.എഫ്.ടി 11-868/09<br>തിയ്യതി 13.08.10 | |
| 2006-2007 | എൽ.എഫ്.ടി 11-869/09<br>തിയ്യതി 13.08.10 /04.03.11 | |
| 2007-2008 | എൽ.എഫ്.ടി പി 8-317/11<br>തിയ്യതി 29.09.11 /04.01.12 | |
| 2008-2009 | എൽ.എഫ്.ടി പി 8-317 (എ) 11<br>തിയ്യതി 10.10.11/ 04.01.12 | |
| 2009-2010 | എൽ.എഫ്.ടി പി 2-693/12<br>തിയ്യതി 27/09/12 | |
| 2010-2011 | എൽ.എഫ്.ടി പി 2-694/12<br>തിയ്യതി 27/09/12 /02.03.13 | |
| 2011-2012 | എൽ.എഫ്.ടി പി 2-701/13<br>തിയ്യതി 31.07.13 /05 10 13 | |
| 2012-2013 | എൽ.എഫ്.ടി പി 2 -2172/2013<br>തിയ്യതി 11.02.14 / 5.05.2014 | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ പി2-1687/15/23-12-2015 | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ പി2-1038/16/28-06-2016 | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ പി2-2204/2016/11-01-2017 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

<u>അനുബന്ധം-1</u>
<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

കെ.എസ്.എ.ടി.എസ്.ആർ(പി.2)1574/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശൂർ-680 020

ഫോൺ- 0487 2331240

ഇ.മെയിൽ-dotsr.ksad@kerala.gov.in

തീയ്യതി:14.11.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശൂർ ജില്ലയിലെ **അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17** വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17** ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

No.KSA-TSR(P2)1574/2017

Office of the Joint Director of

Kerala State Audit Department,

District Audit Office,
Thrissur - 680 020
Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in
Dated: 14.11.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of **Anthikkad Gramapanchayath** in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Anthikkad Grama Panchcyath for the year 2016-17**, except the observations stated in my Audit Report properly presents the picture of income and expenditure.

Deputy Director
District Audit Office
Thrissur.